(സി) രണ്ടാംഘട്ട നിർമ്മാണപ്രവർത്തനം പൂർത്തിയാക്കുന്നതോടൊപ്പം പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ, ജീവനക്കാർ എന്നിവയുടെ ലഭ്യതയ്ക്കനുസരിച്ച് പ്രവർത്തനം തുടങ്ങുന്നതാണ്.

അവശ്യ മരുന്നുകൾ ലഭ്യമാക്കൽ

19 (684) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൻകീഴിൽ പ്രവർത്തിച്ചുവരുന്ന പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ അവശ്യമരുന്നുകൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കണ്ണൂർ ജില്ലയിലെ പ്രധാന ആശുപത്രികളിൽ പേപ്പട്ടി വിഷബാധയ്ക്കുള്ള പ്രതിരോധമരുന്ന് ഉണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അവശ്യമായ മരുന്നുകൾ എല്ലാം ഇല്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല നിലവിൽ സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യമായ മരുന്നുകൾ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ നിന്നും ആവശ്യപ്പെട്ട തനുസരിച്ചുള്ള പേവിഷ പ്രതിരോധ വാക്സിൻ കോർപ്പറേഷൻ ലഭ്യമാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ നിന്നും പേവിഷ പ്രതിരോധ വാക്സിന് ലഭിച്ച ഇൻഡന്റ്, അതിന്മേൽ വിതരണം ചെയ്ത പേവിഷ പ്രതിരോധ വാക്സിൻ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇൻഡന്റ് ചെയ്തത്	26500
ആശുപത്രികൾക്ക് വിതരണം നടത്തിയത്	20880
നിലവിലുള്ള കണ്ണൂർ ജില്ലാ മരുന്ന് സംഭരണശാലയിലെ പേവിഷ പ്രതിരോധ വാക്സിന്റെ സ്റ്റോക്ക്	1070
പേവിഷ പ്രതിരോധ വാക്സിന്റെ കോർപ്പറേഷനിൽ നിലവിലുള്ള ആകെ സ്റ്റോക്ക് (സംസ്ഥാന അടിസ്ഥാനത്തിൽ)	50571

LIBRARY ARCHIVES Kerala Legislative Assembly